(ഡി) ആറുപേരെ.

(ഇ) (1) ശ്രീ ടി. കെ. ജി. നായർ.
(2) ,, കെ. കെ. വാരിയർ.
(3) ,, കെ. വി. ശങ്കരൻ ഇളയതു്.
(4) ,, കാമ്പിശ്ശേരിൽ കരുണാകരൻ.
(5) ,, തെങ്ങമം ബാലകൃഷ്ണൻ.
(6) ,, സി. ആർ. എൻ. പിഷാരടി.

റേഷൻ കാർഡു്.

✻ 47. [69] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോഴും റേഷൻ കാർഡില്ലാത്ത അർഹരായവർക്കു് പുതിയ റേഷൻ കാർഡു് നൽകുന്നില്ലെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതു് പരിഹരിക്കാൻ എന്തു നടപടി എടുത്തു ;

(സി) ഇങ്ങിനെ കാർഡുകളും നൽകാത്തതിനെപ്പറ്റി പരാതികളും എവിടെനിന്നെങ്കിലും കിട്ടിയിട്ടുണ്ടോ ;

(ഡി) പുതിയ കാർഡുകളും കിട്ടാൻ 12 അണ സ്റ്റാമ്പു് ഒട്ടിച്ചു് തഹശീൽദാർക്കു് അപേക്ഷ നൽകണമെന്നും വ്യവസ്ഥയുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആ വ്യവസ്ഥ മാറ്റാൻ നടപടി എടുക്കുമോ;

(എഫു്) പഞ്ചായത്തു പ്രസിഡൻറുമാർക്കു് റേഷൻ കാർഡുകളും നൽകാൻ മുമ്പുണ്ടായിരുന്ന അവകാശം പുനഃസ്ഥാപിക്കുമോ?

ഭക്ഷ്യവകുപ്പുമന്ത്രി (ശ്രീ. ഈ. പി. പൗലോസു്) :

(എ) കാർഡു് നൽകുവാൻ നടപടി എടുക്കുന്നുണ്ടു്.

(ബി) അർഹരായ കുടുംബങ്ങൾക്കു് ശരിയായ അന്വേഷണത്തിനു ശേഷം പുതുതായി കാർഡുകളും നൽകണമെന്നു് കളക്ടർമാർക്കു് നിർദ്ദേശം നൽകിയിട്ടുണ്ടു്.

(സി) ഉണ്ടു്. വ്യക്തികളിൽ നിന്നും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും, രാഷ്ട്രീയ കക്ഷികളിൽ നിന്നും, മറ്റും പരാതികളും ലഭിച്ചിട്ടുണ്ടു്.

(ഡി) ഇല്ല.

(ഈ) ഡി—യുടെ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

(എഫു്) നിലവിലുള്ള നടപടിക്രമമനുസരിച്ചു് തഹശീൽദാരന്മാരാണു് കാർഡുകളും കൊടുക്കുന്നതു്. പഞ്ചായത്തുമായി ആലോചിച്ചു കൊടുക്കുന്നതിനു് നടപടികളും എടുക്കുന്നുണ്ടു്.

Rural Electrification Scheme.

✻ 48. [70] **M. C. Abraham** . Will the Minister for Public Works be pleased to state:

(a) To how many new Centres will power Supply be extended this year under rural electrification and distribution scheme;

LIBRARY ARCHIVES Kerala Legislative Assembly